**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 368** **19-03-2025 - ൽ മറുപടിയ്ക്ക്**

**സേഫ് പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. പ്രഭാകരൻ</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രധാന വികസന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രധാന വികസന പരിപാടികൾ ചുവടെ ചേർക്കുന്നു .<ul><li>SAFE (സേഫ്) പദ്ധതി</li><li>TRACE (ട്രയിനിംഗ് ഫോർ കരിയർ എക്സലെൻസ്)</li><li>JWALA (ജസ്റ്റിസ് വെൽഫയർ ആന്റ് ലീഗൽ അസിസ്റ്റൻസ്)</li><li>HOME (ഹൗസ്ഹോൾഡ് ഓറിയന്റഡ് മൈക്രോ പ്ലാനിംഗ് ഫോർ എംപവർമെന്റ്)</li><li>ഹരിത വരുമാന പദ്ധതി (ഗ്രീൻ ഇൻകം പ്രൊജക്റ്റ് )</li></ul>പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>സാങ്കേതികമായി പണിതീർത്തതും എന്നാൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണികൾ, പൂർത്തീകരണം, നവീകരണം എന്നിവയ്ക്കായി 'സേഫ് ' എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(ബി)</td><td>സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും, നവീകരണവും ലക്ഷ്യമിട്ട് 2022 - 23 സാമ്പത്തിക വർഷം മുതൽ സേഫ് പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ളതും 2010 ഏപ്രിൽ 1 ന് ശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭവന നവീകരണത്തിനായി 2 ലക്ഷം രൂപയാണ് അനുവദിക്കുന്നത് .<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് 07/11/2022-ലെ സ.ഉ.(സാധാ)നം.1116/2022/പ.ജ.പ.വ.വി.വ സർക്കാർ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2.50 ലക്ഷം രൂപ വരെ സേഫ് പദ്ധതി പ്രകാരം അനുവദിക്കുന്നു.</td></tr>
</table>

<table>
<tr>
<td>(സി)</td>
<td>പ്രസ്തുത പദ്ധതി വഴി വീടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?</td>
<td>(സി)</td>
<td>പട്ടികജാതി വികസന വകുപ്പ് സേഫ് പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധമായ വിവരം ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>വർഷം</th><th>ചെലവഴിച്ച തുക (രൂപയിൽ)</th></tr>
<tr><td>2022-23</td><td>44,36,98,632 /-</td></tr>
<tr><td>2023-24</td><td>126,15,87,296 /-</td></tr>
<tr><td>2024-25 (നാളിതുവരെ)</td><td>49,05,53,573 /-</td></tr>
</table>
<br>
പട്ടികവർഗ്ഗവികസന വകുപ്പ് മുഖേന പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം, മുൻ വർഷങ്ങളിൽ ഭവന പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്ത ഭവനങ്ങളുടെ പൂർത്തീകരണം, ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം അനുവദിച്ച ഭവനങ്ങളുടെ പൂർത്തീകരണം, കാലവർഷ കെടുതിയിൽ തകർന്ന വീടുകളുടെ നിർമ്മാണം, സേഫ് പദ്ധതി പ്രകാരമുള്ള നിർമ്മാണം/ നവീകരണം എന്നിവയ്ക്കായി ചുവടെ പരാമർശിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് .<br>
<table>
<tr><th>വർഷം</th><th>ചെലവഴിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>2022-23</td><td>4918.42</td></tr>
<tr><td>2023-24</td><td>3900.398</td></tr>
<tr><td>2024-25 (നാളിതുവരെ)</td><td>4827.59</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## A. SAFE (Secure Accommodation and Facility Enhancement)

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭവന പുനരുദ്ധാരണ പദ്ധതി, ഭവന പൂർത്തീകരണ പദ്ധതി എന്നിവയിൽ ആവശ്യമായ ഉൾച്ചേർക്കലുകൾ വരുത്തി സേഫ് പദ്ധതി എന്ന പേരിൽ പുതിയ പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ വകുപ്പ മുഖേന നടപ്പിലാക്കി വരുന്നു. ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ളതും 2010 ഏപ്രിൽ 1 ന് ശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബങ്ങളെയാണ് ടി പദ്ധതിയിലേയ്ക്ക് പരിഗണിക്കുന്നത്.

ചുവടെ ചേർത്തിട്ടുള്ള നിർമ്മാണ ഘടകങ്ങൾ ആണ് ഈ പദ്ധതിപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്.

1. മേൽക്കൂര പൂർത്തീകരണം
2. ശുചിത്വ ടോയ്‌ലറ്റ് നിർമ്മാണം
3. ഭിത്തികൾ ബലപ്പെടുത്തൽ
4. വാതിലുകളും ജനലുകളും സ്ഥാപിക്കൽ
5. അടുക്കള നവീകരണം, കിച്ചൺ സ്ലാബ്, ഷെൽഫ്, പാചക സൗകര്യം ഉൾപ്പെടെയുള്ളവ
6. ഫ്ലോറിങ്- ടൈൽ പാകൽ (അഭികാമ്യം )
7. സമ്പൂർണ്ണ പ്ലാസ്റ്ററിങ്, വൈറ്റ് വാഷ്, ചുമർ പെയിൻറിംഗ് (മുൻ വശം എങ്കിലും)
8. ഇലക്ട്രിക്കൽ - വയറിംഗ്, ELCB, ഫാൻ, ലൈറ്റ് സ്ഥാപിക്കൽ
9. പ്ലംബിംഗ്- പ്ലംബിംഗ് ചെയ്യ വീടിനുള്ളിൽ അടുക്കളയിലും ടോയ്‌ലറ്റിലും വെള്ളം പൈപ്പ് വഴി ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിക്കുക.

വകുപ്പ് TRACE പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർമാരെ പദ്ധതിയുടെ മേൽനോട്ടത്തിനായി നിയോഗിക്കുന്നു. അനുവദിക്കുന്ന തുകയായ 2 ലക്ഷം രൂപ 3 ഗഡുക്കളായി നൽകുന്നു.

## B. TRACE (Training for Career Excellence)

പട്ടികജാതി വിഭാഗം യുവതീ യുവാക്കൾക്ക് മികച്ച തൊഴിലവസരങ്ങൾ വകുപ്പിലും മറ്റ് സർക്കാർ സംവിധാനങ്ങളിലും സൃഷ്ടിയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് TRACE (Training for Career Excellence). ഇതിന്റെ ഭാഗമായി വകുപ്പിൽ അക്രഡിറ്റഡ് എൻജിനീയർ/ഓവർസീയർ, ക്ലറിക്കൽ അസിസ്റ്റന്റ്, ലീഗൽ അസിസ്റ്റൻറ്സ്, കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW) എന്നിവരെ നിയമിച്ചിരിക്കുന്നു.

**1. അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ**

സിവിൽ എഞ്ചിനീയറിങ്ങിൽ B.Tech/Diploma/ITI പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ/യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി അവരെ മികച്ച തൊഴിലുകൾ സംപ്രാപ്തമാക്കുന്നതിന് സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ്. 17.02.2023 ലെ സ.ഉ(സാധാ)നം.238/2023/പജപവവിവ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരെ നിയമിച്ചിട്ടുള്ളത്. B.Tech/Diploma/ITI പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 യുവതീ യുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. പരിശീലനാർത്ഥികൾക്ക് പ്രതിമാസം 18,000/- രൂപ നിരക്കിൽ ഓണറേറിയം അനുവദിച്ച് വരുന്നു. എൻജിനീയറിങ്ങ് വൈദഗ്ധ്യം ആവശ്യമുള്ള വകുപ്പിന്റെ പദ്ധതികളുടെ നിർവഹണത്തിൽ വളരെ വലിയ പുരോഗതി ഉണ്ടാക്കുന്നതിന് ഇവരുടെ സേവനം പ്രയോജനപ്പെടുന്നുണ്ട്.

**2. ക്ലറിക്കൽ അസിസ്റ്റന്റ് (Training Program for Clerical Assistants)**

പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവതീ യുവാക്കൾക്ക് ഓഫീസ് ജോലികളിൽ പരിശീലനം നൽകി അവരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനും അതുവഴി മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോട്ട കൂടിയ ഒരു തൊഴിൽ പരിശീലന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി 225 യുവതീ യുവാക്കളെ തിരഞ്ഞെടുത്ത് വകുപ്പിന്റെ വിവിധ ഓഫീസുകളിൽ പരിശീലനത്തിനായി നിയോഗിയ്ക്കുകയും പ്രതിമാസം ഓണറേറിയ ഇനത്തിൽ 10,000/- രൂപ അനുവദിയ്ക്കുകയും ചെയ്തു വരുന്നു.

**3. ലീഗൽ അസിസ്റ്റന്റ്സ് (Legal Assistants)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിയമ ബിരുദധാരികളായ യുവതീ യുവാക്കൾക്ക് വകുപ്പ് മുഖേന പ്രായോഗിക പരിശീലനം നൽകി തങ്ങളുടെ കരിയറിൽ മികവ് തെളിയിക്കുന്നതിനും മികച്ച അഭിഭാഷകരായി രൂപപ്പെടുത്തുന്നതിനും പ്രൊഫഷനിൽ ഉന്നതിയിൽ എത്തിച്ചേരുന്നതിനും സാഹചര്യമൊരുക്കുന്ന പദ്ധതിയാണിത്. സ.ഉ.(സാധാ)നം.350/2023/പജപവവിവ തീയതി 15.03.2023 പ്രകാരം, 69 ലീഗൽ അസിസ്റ്റന്റ്മാരെ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിരുന്നു. നിയമബിരുദധാരികളായി എൻറോൾ ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് അഡ്വക്കേറ്റ് ജനറൽ ഓഫീസിലും, ജില്ലാ കോടതികളിലും, സ്പെഷ്യൽ കോടതികളിലും ഗവൺമെന്റ് പ്ലീഡർമാരുടെ കീഴിൽ ലീഗൽ അസിസ്റ്റന്റ്മാരായി പരിശീലനം നൽകി വരുന്നു. പ്രതിമാസം 20,000/- രൂപ നിരക്കിലാണ് ഓണറേറിയം അനുവദിയ്ക്കുന്നത്.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയായ ജ്വാലയുടെ ഭാഗമായി പട്ടികവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽ വരുന്ന കേസുകളിൽ ആവശ്യമായ നിയമ സഹായം ഒരുക്കുന്നതിനും നിയമം ശക്തമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനും ഭരണ നിയമ സംവിധാനങ്ങളെ സഹായിക്കുന്നതിനും ഇവർക്ക് കഴിയുന്നുണ്ട്.

**4. കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള യുവതീ യുവാക്കളെ വകുപ്പിന്റെ ക്ഷേമ പദ്ധതികളുടെ നിർവ്വഹണത്തിൽ

പങ്കാളികളാക്കുന്നതിനും അതുവഴി ജോലി പരിചയം ആർജ്ജിക്കുന്നതിനും അവസരമൊരുക്കുന്ന നൂതന പരിശീലന പദ്ധതിയാണിത്.

സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ളവരെ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW)മാരായി നിയമിക്കുന്നതിന് 20.06.2022 തീയതിയിലെ സ.ഉ.(സാധാ)നം.671/2022/പജപവവിവ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 60 യുവതീ യുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രതിമാസം 20,000/- രൂപ നിരക്കിലാണ് ഓണറേറിയം അനുവദിയ്ക്കുന്നത്.

**C. JWALA (Justice Welfare And Legal Assistance)**

ബന്ധപ്പെട്ട ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക,നിയമ അവബോധം നൽകുക എന്നീ ലക്ഷ്യങ്ങളോടെ പട്ടികജാതി വികസന വകുപ്പ് സ.ഉ(സാധാ)നം.793/2022/SCSTDD, 15.07.2022 -ലെ ഉത്തരവ് പ്രകാരം നിയമ സഹായ സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് വെള്ളയമ്പലം അയ്യങ്കാളി ഭവനിൽ ലീഗൽ സെൽ പ്രവർത്തിയ്ക്കുന്നുണ്ട്. ഒരു ലീഗൽ അഡ്വൈസർ, 2 ലീഗൽ സെൽ അസിസ്റ്റന്റുമാർ എന്നിവരെ ലീഗൽ സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി നിയമിയ്ക്കുന്നു. ജ്വാലയുടെ ഭാഗമായി 14 ജില്ലകളിലും ഓരോ ലീഗൽ കൗൺസിലർമാരെയും നിയമിച്ചിട്ടുണ്ട്. ലീഗൽ അഡ്വൈസർക്ക് 25,000/- രൂപ നിരക്കിലും കാൾ സെന്റർ അസിസ്റ്റന്റുമാർക്ക് 18,000/-രൂപ നിരക്കിലും ലീഗൽ കൗൺസിലർമാർക്ക് 20,000/- രൂപ നിരക്കിലും ഓണറേറിയം അനുവദിയ്ക്കുന്നു.

സ.ഉ.(സാധാ)നം.350/2023/പജപവവിവ തീയതി 15.03.2023 പ്രകാരം, 69 ലീഗൽ അസിസ്റ്റന്റ്മാരെ നിയമിക്കുന്നതിന് (ജ്വാല -നിയമബിരുദധാരികൾക്കുള്ള ഇന്റേൺഷിപ്പ് പ്രോഗ്രാം ) സർക്കാർ അനുമതി നൽകി ഉത്തരവായിരുന്നു. നിയമബിരുദധാരികളായി എൻറോൾ ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് അഡ്വക്കേറ്റ് ജനറൽ ഓഫീസിലും, ജില്ലാ കോടതികളിലും, സ്പെഷ്യൽ കോടതികളിലും ഗവൺമെന്റ് പ്ലീഡർമാരുടെ കീഴിൽ ലീഗൽ അസിസ്റ്റന്റ്മാരായി പരിശീലനം നൽകി വരുന്നു. പ്രതിമാസം 20,000/- രൂപ നിരക്കിലാണ് ഓണറേറിയം അനുവദിയ്ക്കുന്നത്.

**D. HOME (Household Oriented Micro planning for Empowerment) പദ്ധതി**

പട്ടികജാതിവിഭാഗക്കാരായ കുടുംബങ്ങളുടെ പുനരധിവാസവും ശാക്തീകരണവും ഉന്നമനവും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ മൈക്രോ പ്ലാനിംഗ് നടപ്പിലാക്കുന്നതിനാണ് ഹോം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

4 ഘട്ടങ്ങളിലായാണ് പദ്ധതി നിർവഹണം നടത്തുന്നത്.

1. കുടുംബാടിസ്ഥാനത്തിൽ സ്ഥിതി വിവര ശേഖരണം
2. ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ
3. സൂക്ഷ്മതല പദ്ധതി രൂപീകരണം
4. പദ്ധതി നിർവഹണവും അവലോകനവും

ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശനം നടത്തുകയും കുടുംബത്തിന്റെ ആവശ്യങ്ങൾ കണ്ടെത്തി സൂക്ഷ്മതല പ്ലാൻ തയ്യാറാക്കുകയും ചെയ്യുന്നു. പിന്നീട് തദ്ദേശ സ്ഥാപനം, കുടുംബശ്രീ, ഇതരവകുപ്പുകൾ എന്നിവയുടെ

സഹായത്തോടെ വിശദമായ പദ്ധതി രൂപീകരണം നടത്തുന്നു.

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നാല് ഘട്ടങ്ങളിലെ ആദ്യഘട്ടമായ കുടുംബാടിസ്ഥാനത്തിലുള്ള സ്ഥിതിവിവരശേഖരണം പൂർത്തിയായി വരുന്നു.

**E. ഹരിത വരുമാന പദ്ധതി (Green Income Project)**

പട്ടികജാതി വിഭാഗത്തിൽപെട്ട 300 BPL ഗുണഭോക്താക്കളുടെ വീടുകളിൽ സോളാർ പാനൽ സ്ഥാപിച്ച് സൗരോർജ്ജ വൈദ്യുതീകരണം നടത്തുന്നതിനോടൊപ്പം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അധികവരുമാനം കൂടി ലഭിക്കുന്ന ഒരു പദ്ധതിയാണ് "ഉന്നതി" ഹരിത വരുമാന പദ്ധതി. പട്ടികജാതി കുടുംബങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ കുടുംബത്തിന്റെ വൈദ്യുതി ചെലവ് കുറയുന്നതോടൊപ്പം ഇൻഡക്ഷൻ സ്റ്റൗവ് പ്രോത്സാഹിപ്പിക്കുന്നതിലൂടെ കുടുംബങ്ങളിലെ പാചകവാതക ചെലവിൽ കുറവു വരികയും അതുവഴി കുടുംബങ്ങളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനും സാധിക്കുന്നു. അനെർട്ട് (ANERT) മുഖേന നടപ്പിലാക്കിയ പദ്ധതിയ്ക്ക് 2022-23 സാമ്പത്തികവർഷത്തിൽ ഭരണാനുമതി നൽകുകയും 2023-24 വർഷം പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം തിരുവനന്തപുരം (91 പേർക്ക്), ആലപ്പുഴ (105 പേർക്ക്), തൃശ്ശൂർ (109-പേർക്ക്) ജില്ലകളിലായി ആകെ 305 വീടുകളിൽ സോളാർ പാനൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ